## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5266 1/07/2014-ൽ മറുപടിക്ക്

# കായംകുളം മണ്ഡലത്തിലെ പുതിയ കണക്ഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മീറ്ററുകളുടെയും അനുബന്ധ സാമഗ്രികളുടെയും ദൗർലഭ്യം പുതിയ കണക്ഷനുകൾ നൽകുന്നതിന് തടസ്സമാകുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ? | (എ)യും (ബി)യും<br><br>പുതിയ കണക്ഷനുകൾ നൽകുന്നതിനാവശ്യമായ മീറ്ററുകളും അനുബന്ധ സാമഗ്രികളും യഥാസമയം ലഭ്യമാക്കി കണക്ഷനുകൾ സമയബന്ധിതമായി നൽകുന്നുണ്ട്. മീറ്ററുകളും അനുബന്ധസാമഗ്രികളും ലഭ്യമാക്കാൻ (കോർപറേറ്റ് ഓഫീസിൽ നിന്നും വാങ്ങി നൽകേണ്ടവ)താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(1) ത്രീഫേസ് എൽ.റ്റി സി.റ്റി. മീറ്ററുകൾ - 05.06.2014-ൽ, 4500 എണ്ണം മീറ്ററുകൾക്ക് പർച്ചേസ് ഓർഡർ നൽകി.<br><br>(2) ത്രീഫേസ് മീറ്ററുകൾ - 75,000 എണ്ണത്തിന് 16.06.2014-ൽ പർച്ചേസ് ഓർഡർ നൽകി.<br><br>(3) സിംഗിൾ ഫേസ് മീറ്ററുകൾ - 12 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകളുടെ ടെൻഡർ 07.04.2014 വിളിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പർച്ചേസ് ഓർഡർ നൽകാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുന്നു.<br><br>(4) സർവ്വീസ് വയറുകൾ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) കായംകുളം മണ്ഡലത്തിൽ(സി) ഓരോ സെക്ഷൻ ഓഫീസിലും എത്ര വീതം കണക്ഷൻ നൽകാൻ ബാക്കിയുണ്ടെന്നും ആയത് എന്നത്തേക്ക് നൽകുവാൻ കഴിയും എന്നും വ്യക്തമാക്കുമോ? | 23.06.2014-ൽ ലഭ്യമായ കണക്കനുസരിച്ച് കായംകുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന സെക്ഷൻ ഓഫീസുകളിൽ കണക്ഷന് അപേക്ഷിച്ച എല്ലാവർക്കും കണക്ഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ